**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40** **07-06-2021 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലേയും ഉന്നത ഉദ്യോഗസ്ഥരേയും സാങ്കേതിക അംഗങ്ങളേയും ഉൾപ്പെടുത്തി രൂപീകരിച്ച സംയുക്ത കമ്മിറ്റിയുടെ 12.12.2019-ലെ യോഗതീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം പറമ്പിക്കുളം ആളിയാർ വ്യൂഹത്തിൽ നിന്ന് മണക്കടവ് വിയർ വഴി കേരളത്തിന് അവകാശപ്പെട്ട 2.5 TMC ജലം എല്ലാ വർഷവും ലഭ്യമാക്കണമെന്ന് 12.12.2019 ന് ചെന്നൈയിൽ നടന്ന രണ്ട് സംസ്ഥാനങ്ങളുടെയും സെക്രട്ടറിതല കമ്മിറ്റിയുടെ ആദ്യ യോഗത്തിൽ കേരളം തമിഴ് നാടിനോട് ആവശ്യ പ്പെട്ടുകയുണ്ടായി. അതോടൊപ്പം പ്രസ്തുത കരാർ പ്രകാരം ജല വിഭജനത്തിനും വിതരണത്തിനും അധികാരമുള്ള ജെ.ഡബ്ല്യൂ ആർ ബോർഡ് , വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ശക്തിപ്പെടുത്തുവാനും കാര്യക്ഷമമാക്കുവാനും യോഗത്തിൽ കേരളം ആവശ്യപ്പെടുകയും തമിഴ് നാട് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ജെ.ഡബ്ല്യൂ ആർ ബോർഡ് യോഗങ്ങൾ ചേരുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കണം എന്ന യോഗതീരുമാനം നടപ്പിലാക്കിയിട്ടുണ്ട്. പി.എ.പി സിസ്റ്റത്തിലെ Flood Management ചർച്ച ചെയ്യുന്നതിന് 2020-ൽ രണ്ട് പ്രാവശ്യം ജെ.ഡബ്ല്യൂ ആർ ബോർഡ് അംഗങ്ങൾ Online ആയി യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിരുന്നു. 103-ാമത് ജെ.ഡബ്ല്യൂ ആർ ബോർഡ് യോഗം 23.12.2020-ന് കോയമ്പത്തൂരിൽ നടത്തുകയും ചെയ്തിരുന്നു. സംയുക്ത സെക്രട്ടറിതല കമ്മിറ്റിയുടെ രണ്ടാമത് യോഗം 11.09.2020-ന് തിരുവനന്തപുരത്ത് ചേർന്നു. ഈ രണ്ട് യോഗങ്ങളിലും എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പി.എ.പി കരാർ പുനരവലോകനം സംബന്ധിച്ച് ഒരു പ്രാരംഭ ചട്ടക്കൂട് ഉണ്ടാക്കുവാനായി തമിഴ് നാടുമായി സമവായത്തിലെത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ